# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4737** **22.03.2018-ൽ മറുപടിക്ക്**

**വൈഗൈ ത്രഡ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ പ്രവർത്തിച്ചിരുന്ന കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കർണ്ണാടക ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് അവസാനിക്കുന്നതോടെ സർക്കാർ നഷ്ടപരിഹാരം നൽകുമെന്നും, സ്ഥലം സർക്കാർ തിരിച്ചു പിടിക്കുമെന്നും മുൻ മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) വൈഗൈ ത്രഡ്സ് കമ്പനിയുടെ ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കുടിശ്ശികയൊന്നും നിലവിലില്ല. കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ബഹു.വ്യവസായവകുപ്പ് മന്ത്രി 05.07.2017 ന് വിളിച്ചു ചേർത്ത യോഗത്തിൽ തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തി. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) അങ്ങനെ തിരിച്ചുപിടിക്കുന്ന സ്ഥലവും കമ്പനിവക കെട്ടിടവും വ്യവസായ ആവശ്യങ്ങൾക്കും, മറ്റു വികസന ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) സർക്കാർ കമ്പനിയ്ക്ക് അനുവദിച്ചു നൽകിയിരുന്ന 84.85 ഏക്കർ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചു പിടിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ കമ്പനി പമ്പ് ഹൗസിന്റെ സ്ഥലം റവന്യൂ റിക്കവറി നടപടികളിലൂടെ ഏറ്റെടുക്കുന്നതു സംബന്ധിച്ച വിഷയം റവന്യൂവകുപ്പിൽ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**